"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ്- കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ(CONFRA) ,തിരുവനന്തപുരം-ഗാന്ധി ജയന്തി മാസാചരണം 2025(ഒക്ടോബർ 18-26)-കുട്ടികൾക്കായി സംഘടിപ്പിച്ച വിവിധ പരിപാടികൾ- സ്പോൺസർഷിപ്പ്/പരസ്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.39/2026/TSM തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:- 1. കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 31.10.2025 തിയതിയിലെ DOT/3203/2025-M1 നം കത്ത്.

**<u>ഉത്തരവ്</u>**

കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ ,തിരുവനന്തപുരത്തിന്റെ നേതൃത്വത്തിൽ ഗാന്ധി ജയന്തി മാസാചരണം 2025 നോടനുബന്ധിച്ച് കുട്ടികൾക്കായി സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്ക് സ്പോൺസർഷിപ്പ്/പരസ്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉചിതമായ നടപടി സ്വികരിക്കണമെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ ,തിരുവനന്തപുരത്തിന്റെ നേതൃത്ത്വത്തിൽ 2025 ഒക്ടോബർ 18 മുതൽ 26 വരെ സംഘടിപ്പിച്ച ഗാന്ധി ജയന്തി മാസാചരണം 2025 നോടനുവബന്ധിച്ച് കുട്ടികൾക്കായി സംഘടിപ്പിച്ച വിവിധ പരിപാടികൾക്ക് സ്പോൺസർഷിപ്പ്/പരസ്യം ഇനത്തിൽ **3452-80-104-98-00-34-03-പിവി- മാർക്കറ്റിംഗ്** എന്ന ശീർഷകത്തിൽ നിന്നും **₹5,000/-** (അയ്യായിരം രൂപ മാത്രം) അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

**3.** ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിന്റെ ആധികാരികത വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കോൺഫെഡറേഷൻ ഓഫ് റെസിഡന്റ്സ് അസോസിയേഷൻ( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 17-01-2026 14:51:57
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എയ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്